**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ മത്സ്യ ഉത്പന്നങ്ങൾ വിദേശ വിപണിയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യ ഉത്പന്നങ്ങൾ വിദേശ വിപണിയിൽ കൂടുതൽ വിലയേറിയതായി മാറ്റാൻ ബ്രാന്റിംഗ് പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യ ഉല്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിവിധ സാങ്കേതിവിദ്യയുടെ സഹായത്തോടെ വിപണിയിൽ എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാൻഡിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു. ഇതിനോടകം തന്നെ യു.എസ്.എ., കാനഡ, ഓസ്ട്രേലിയ, ന്യൂസിലന്റ് എന്നിവിടങ്ങളിൽ നിലവിൽ ഉണക്ക മത്സ്യം കയറ്റി അയക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ